**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1012** **06-02-2023 - ൽ മറുപടിയ്ക്ക്**

**മങ്കട കീഴ്തൃക്കോവിൽ ക്ഷേത്രത്തിന്റെ കടലുണ്ടിപുഴയോട് ചേർന്ന ഭാഗത്ത് സംരക്ഷണഭിത്തി നിർമാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മഞ്ഞളാംകുഴി അലി** | | **ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | മങ്കട മണ്ഡലത്തിൽ പടിഞ്ഞാറ്റുമുറി കീഴ് തൃക്കോവിൽ ക്ഷേത്രത്തിന്റെ കടലുണ്ടിപുഴയോട് ചേർന്നുള്ള ഭാഗം ശക്തമായ മഴയിൽ ഇടിഞ്ഞ് താഴ്ന്ന് ക്ഷേത്രം തന്നെ അപകടാവസ്ഥയിലായ സാഹചര്യത്തിൽ, പുഴയോരം ഭിത്തി കെട്ടി സംരക്ഷിക്കുന്ന പ്രവൃത്തിയ്ക്ക് ഭരണാനുമതി നൽകുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (എ) | മങ്കട മണ്ഡലത്തിൽ **കീഴ് തൃക്കോവിൽ** ക്ഷേത്രത്തിന്റെ കടലുണ്ടിപ്പുഴയോട് ചേർന്ന ഭാഗത്തെ പ്രവൃത്തി സ്ഥലം RMF ജില്ലാ സബ് കമ്മിറ്റി പരിശോധിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥലത്ത് സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിന് 23.20 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പ്രൈസ് ഐ.ഡി 2020/93/IA പ്രകാരം ഭരണാനുമതിക്കായി സമർപ്പിച്ചിരുന്നു. കൂടാതെ അടിയന്തിര പ്രാധാന്യം കണക്കിലെടുത്ത് മേൽ പ്രവൃത്തി SDRF ൽ ഉൾപ്പെടുത്തുന്നതിനും പ്രപ്പോസൽ തയ്യാറാക്കിയിരുന്നു. എന്നാൽ ഫണ്ടിന്റെ അപര്യാപ്തത മൂലം പ്രവൃത്തി ഏറ്റെടുക്കാനായില്ല.<br><br>2022 സെപ്റ്റംബർ ആദ്യവാരത്തിലുണ്ടായ ശക്തമായ മഴയിൽ പ്രസ്തുത സ്ഥലം കൂടുതൽ ഇടിയുകയും ഇതിന് പരിഹാരം കാണുന്നതിനായി ബഹു: മങ്കട നിയോജക മണ്ഡലം എം.എൽ.എ കൂട്ടിലങ്ങാടി പഞ്ചായത്ത് ഓഫീസിൽ വെച്ച് 06/09/2022 തീയ്യതിയിൽ മീറ്റിങ്ങ് വിളിക്കുകയും ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ വിശദമായ റിപ്പോർട്ട് പ്രകാരം പ്രസ്തുത സ്ഥലം സംരക്ഷിക്കുന്നതിന് പുതിയ നിരക്ക് പ്രകാരം ഒന്നാം ഘട്ടമായി 35 ലക്ഷം രൂപയും രണ്ടാം ഘട്ടമായി 15.00 ലക്ഷം രൂപയും ചെലവ് വരുന്നതാണ്. ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രവൃത്തി ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്. |
| (ബി) | പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | മങ്കട മണ്ഡലത്തിൽ **കീഴ് തൃക്കോവിൽ** ക്ഷേത്രത്തിന്റെ കടലുണ്ടിപ്പുഴയോട് ചേർന്ന ഭാഗത്തെ പ്രവൃത്തി സ്ഥലം RMF ജില്ലാ സബ് കമ്മിറ്റി പരിശോധിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥലത്ത് സംരക്ഷണ ഭിത്തി |

| | | | | |
|---|---|---|---|---|
| | | | | നിർമ്മിക്കുന്നതിന് 23.20 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പ്രൈസ് ഐ.ഡി 2020/93/IA പ്രകാരം ഭരണാനുമതിക്കായി സമർപ്പിച്ചിരുന്നു. കൂടാതെ അടിയന്തിര പ്രാധാന്യം കണക്കിലെടുത്ത് മേൽ പ്രവൃത്തി SDRF ൽ ഉൾപ്പെടുത്തുന്നതിനും പ്രപ്പോസൽ തയ്യാറാക്കിയിരുന്നു. എന്നാൽ ഫണ്ടിന്റെ അപര്യാപ്തത മൂലം പ്രവൃത്തി ഏറ്റെടുക്കാനായില്ല.<br><br>2022 സെപ്റ്റംബർ ആദ്യവാരത്തിലുണ്ടായ ശക്തമായ മഴയിൽ പ്രസ്തുത സ്ഥലം കൂടുതൽ ഇടിയുകയും ഇതിന് പരിഹാരം കാണുന്നതിനായി ബഹു: മങ്കട നിയോജക മണ്ഡലം എം.എൽ.എ കൂട്ടിലങ്ങാടി പഞ്ചായത്ത് ഓഫീസിൽ വെച്ച് 06/09/2022 തീയ്യതിയിൽ മീറ്റിങ്ങ് വിളിക്കുകയും ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ വിശദമായ റിപ്പോർട്ട് പ്രകാരം പ്രസ്തുത സ്ഥലം സംരക്ഷിക്കുന്നതിന് പുതിയ നിരക്ക് പ്രകാരം ഒന്നാം ഘട്ടമായി 35 ലക്ഷം രൂപയും രണ്ടാം ഘട്ടമായി 15.00 ലക്ഷം രൂപയും ചെലവ് വരുന്നതാണ്. ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രവൃത്തി ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ